"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മേഖല അവലോകനയോഗങ്ങൾ- ക്ഷീരവികസന വകുപ്പിൽ ആർആർഎം പോർട്ടൽ കൈകാര്യം ചെയ്യുന്നതിന് നോഡൽ ഓഫീസറെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീരവികസന വകുപ്പ്**

സ.ഉ.(സാധാ) നം.66/2025/DD തീയതി,തിരുവനന്തപുരം, 07-04-2025

---

പരാമർശം:- (1) 20.03.2025 തീയതിയിലെ സ.ഉ (സാ.ധാ) നം.42/2025/GAD

(2) പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിൽ നിന്നുള്ള 05.04.2025 തീയതിയിലെ PIEM 3/133/2025-PIEMD നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2025 മെയ് മാസത്തിൽ മേഖലതല അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നതിന് പരാമർശ ഉത്തരവ് പ്രകാരം തീരുമാനമായിരുന്നു. ആയതിൻ പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വകുപ്പ് സെക്രട്ടറിമാർ ജില്ലകളിലെ വികസന പ്രവർത്തനങ്ങളിൽ നേരിടുന്ന തടസങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ഒരു പോർട്ടൽ മുഖേന സ്വീകരിക്കാൻ നിർദേശിച്ചിരുന്നു. ടി പോർട്ടൽ തയ്യാറാക്കുന്നതിനുള്ള ചുമതല വിവര സാങ്കേതിക വിദ്യ വകുപ്പിനാണ്.

പരാമർശം (2) കത്തിലെ നിർദ്ദേശ പ്രകാരം സി-ഡിറ്റ്- വികസിപ്പിച്ച ആർ.ആർ.എം പോർട്ടലിൽ ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്ത് ആയവ സമയബന്ധിതമായി തീർപ്പാക്കുന്നതിനും മേഖലാവലോകന യോഗങ്ങളുമായി ബന്ധപ്പെട്ട് ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ക്ഷീരവികസന വകുപ്പിലെ അണ്ടർസെക്രട്ടറി ശ്രീ.നിസ്സാർ.എ (പെൻ നം.100893)-യെ നോഡൽ ഓഫീസറായി നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷിബു.എ.റ്റി

അഡിഷണൽ സെക്രട്ടറി

ശ്രീ.നിസ്സാർ.എ, അണ്ടർ സെക്രട്ടറി, ക്ഷീരവികസന വകുപ്പ്

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്
വിവര-പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ)വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Ajayakumar. A
Date: 07-04-2025 14:04:34

സെക്ഷൻ ഓഫീസർ

പകർപ്പ്:- ക്ഷീരവികസന വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
ക്ഷീരവികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്